# എറണാകുളം - അങ്കമാലി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

07.10.2018 **മാർക്ക് - 50**

10.30AM-12.30PM **STD - X** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക** **1x 5=5**

1. ചെറുപുഷ്പ മിഷൻ ലീഗിന്റെ സ്വർഗീയ മദ്ധ്യസ്ഥ ആരാണ്?

   1. അമ്മ ത്രേസ്യ 2. മറിയം ത്രേസ്യ 3. കൊച്ചുത്രേസ്യ

2. സന്ന്യാസത്തിലെ ഏറ്റവും അടിസ്ഥാനപരമായ നിയമം എന്താണ്?

   1. മാതാവിനെ അനുകരിക്കുക 2. സുവിശേഷത്തിലെ ഈശോയെ അനുകരിക്കുക 3. ശിഷ്യൻമാരെ അനുകരിക്കുക

3. പരിശുദ്ധാത്മാവിന്റെ വീണ എന്നറിയപ്പെടുന്നതാര്?

   1. വി. അപ്രേം 2. വി. ബേസിൽ 3. വി. സ്നാപകയോഹന്നാൻ

4. എ.ഡി.313ലെ ——— ചക്രവർത്തിയുടെ മിലാൻ വിളംബരത്തോടുകൂടി സഭയ്ക്ക് സ്വാതന്ത്ര്യം കിട്ടി.

   1. നീറോ 2. ഡയോക്ലീഷ്യൻ 3. കോൺസ്റ്റൻന്റെയിൻ

5. 'കത്തോലിക്കർ ഭയപ്പെടേണ്ടത് മരണത്തെയല്ല പാപത്തെയാണ്' ഇത് ആരുടെ വാക്കുകൾ?

   1. ജോൺ പോൾ രണ്ടാമൻ 2. പീയൂസ് ഒൻപതാമൻ 9 3. ഫ്രാൻസിസ് പാപ്പ

**B. പൂരിപ്പിക്കുക** **1x 5=5**

6. സഭയെ സഭയാക്കുന്നത് ഈശോമിശിഹായോടും സഭാംഗങ്ങൾ തമ്മിൽ തമ്മിലുമുള്ള ——— ആണ്

7. ——— സഭാരൂപീകരണത്തിന്റെ ആദ്യപടിയാണ്

8. ക്രിസ്ത്യാനികൾ എവിടെയായിരുന്നാലും അവരുടെ ———, ——— എന്നിവ വഴി മറ്റുള്ളവർ പിതാവായ ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിന് ഇടയാകണം.

9. "മറ്റുപട്ടണങ്ങളിലും ഞാൻ ദൈവരാജ്യത്തിന്റെ ——— പ്രസംഗിക്കേണ്ടിയിരിക്കുന്നു. അതിനുവേണ്ടിയാണ് ഞാൻ ——— " (ലൂക്കാ 4, 43)

10. "കണ്ണാണ് ശരീരത്തിന്റെ ———. കണ്ണ് കുറ്റമറ്റതെങ്കിൽ ശരീരം ———" (മത്തായി 6, 22)

## C. മൂന്നോ നാലോ വാചകങ്ങളിൽ ഉത്തരമെഴുതുക 2x7=14

11. ജീവകാരുണ്യപ്രവർത്തനമെന്നാലെന്ത്?
12. പ്രേഷിതപ്രവർത്തനത്തിനുള്ള നാലുമാർഗങ്ങൾ ഏവ?
13. തിരുവചനം എഴുതുക :- ലൂക്കാ-8, 21 "ദൈവവചനം......"
14. അപ്പസ്തോലന്മാരുടെ രക്തസാക്ഷിത്വത്തെക്കുറിച്ച് എഴുതുക.
15. വിശുദ്ധ അപ്രേമിനെ കുറിച്ച് ഒരു ചെറിയ വിവരണം എഴുതുക.
16. പ്രകാശത്തിന്റെ 3-ാം രഹസ്യം എഴുതുക.
17. വി. ബർണ്ണർദുപുണ്യവാന്റെ ജപമെഴുതുക.

## D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു പേജിൽ കുറയാതെ എഴുതുക. 5X2=10

18. സഭയുടെ സുവിശേഷപ്രഘോഷണത്തിനടിസ്ഥാനം പരിശുദ്ധ ത്രിത്വം ആണ് വ്യക്തമാക്കുക
19. പ്രാർത്ഥനയിൽ അടിയുറച്ച സമൂഹമാണ് ആദിമക്രൈസ്തവ സമൂഹം വിശദമാക്കുക.
20. മതപീഡനം സഭയെ തളർത്തുകയല്ല വളർത്തുകയാണ് ചെയ്തത് എന്നുപറയാൻ കാരണമെന്ത്?

## E. രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക 6X1=6

21. പ്രളയം മൂലം ദുരിതമനുഭവിക്കുന്ന സഹോദരങ്ങൾക്ക് സഹായം ചെയ്യാൻ വിശ്വാസപരിശീലനത്തിലൂടെ നിങ്ങൾക്ക് ലഭിച്ച പ്രചോദനങ്ങൾ എന്തെല്ലാമെന്നും, എന്തൊക്കെ ചെയ്യാൻ സാധിച്ചു എന്നും ഉപന്യസിക്കുക?

| | |
|---|---|
| 22. ഇന്റേണൽ അസ്സെസ്സ്മെന്റ്: കാണുക *വചനദീപം* 36-37 | 10 |

# ഉത്തരസൂചിക പത്താം ക്ളാസ് - ഒന്നാം സെമസ്റ്റർ

1. കൊച്ചുത്രേസ്യ L7, Page-53, 1st Paragraph
2. സുവിശേഷത്തിലെ ഈശോയെ അനുകരിക്കുക L6, Page-48,1st Paragraph
3. വി. അപ്രേം L5, Page-42, 2nd Paragraph
4. കോൺസ്റ്റന്റൈയിൻ L4, Page-33, 3rd Paragraph
5. ഫ്രാൻസീസ് പാപ്പ Sathyadheepam. 2018 July 5, Page-15
6. കൂട്ടായ്മയാണ് L3, Page-25, 2nd Paragraph
7. സുവിശേഷപ്രഘോഷണം L2, Page-20, 2nd Paragraph
8. ജീവിത മാതൃക, വചനങ്ങളുടെ സാക്ഷ്യം L2, Page-19, 2nd Paragraph
9. സുവിശേഷം, അയക്കപ്പെട്ടിരിക്കുന്നത് L1, Page-11,1st Paragraph
10. വിളക്ക്, മുഴുവൻ പ്രകാശിക്കും Bible (Mathew 6:22)

11. പാപികളെയും രോഗികളെയും പീഡിതരെയും തേടിവരുകയും അവർക്കു നന്മചെയ്തുകൊണ്ടു കടന്നുപോകുകയും ചെയ്ത ഈശോയുടെ മുഖം ലോകത്തിനു കാണിച്ചുകൊടുക്കാനും അവരിൽ ഈശോയുടെ മുഖം കണ്ടുകൊണ്ടു അവരെ ആദ്ധ്യാത്മികവും ഭൗതീകവുമായി ഉയർത്തുവാനും സഭ ചെയ്യുന്ന ശുശ്രൂഷകളാണ് ജീവകാരുണ്യ പ്രവർത്തനങ്ങൾ (Lesson 8, 60)

12. പ്രാർത്ഥന, പ്രഘോഷണം, സേവനം, സഹനം എന്നിവയാണ് സഭയുടെ പ്രേഷിത പ്രവർത്തനത്തിനുള്ള നാലു മാർഗങ്ങൾ (Lesson 7, Page 52)

13. ദൈവവചനം ശ്രവിക്കുകയും ------- (Lesson 6, Page 50)

14. യോഹന്നാൻ ഒഴികെയുള്ള ശ്ലീഹന്മാരെല്ലാവരും രക്തസാക്ഷികളായി എന്നാണ് ചരിത്രം സാക്ഷ്യപ്പെടുത്തുന്നത് ശ്ലീഹന്മാർ സുവിശേഷം പ്രസംഗിച്ച സ്ഥലങ്ങളെക്കുറിച്ചും അവരുടെ രക്തസാക്ഷ്യത്തെക്കുറിച്ചും ചരിത്രകാരനായ എവു സബിയൂസ് വിവരിക്കുന്നു-------- (Lesson 4, Page 30)

15. സുറിയാനി സഭാപിതാക്കന്മാരിൽ ഏറ്റവും പ്രസിദ്ധനാണ് വി. അപ്രേം. വിശുദ്ധ ഗ്രന്ഥം പഠിക്കുന്നതിലും ജനങ്ങളെ പഠിപ്പിക്കുന്നതിലും ഗ്രന്ഥങ്ങൾ രചിക്കുന്നതിലും അദ്ദേഹം ഉത്സുകനായിരുന്നു. വളരെ പ്രധാനപ്പെട്ട വിശ്വാസ രഹസ്യങ്ങൾ സാധാരണക്കാർക്ക് മനസ്സിലാക്കാൻ തക്ക വിധം ലളിതവും സുന്ദരവുമായ കാവ്യങ്ങളിൽ രചിച്ചിരുന്ന അദ്ദേഹം പരിശുദ്ധാത്മാവിൻറെ വീണ എന്നും വിളിക്കപ്പെടുന്നു (Lesson 5, Page 42)

16. നമസ്കാരങ്ങൾ, പേജ് 20

17. നമസ്കാരങ്ങൾ, No. 24

18. ദൈവപുത്രനായ ഈശോ മനുഷ്യരുടെ ഇടയിലേക്ക് ഇറങ്ങി വന്നത് മനുഷ്യ രക്ഷക്കുവേണ്ടിയുള്ള ദൈവീക പദ്ധതിയായിരുന്നു.പുത്രൻ വഴി അന്ധകാരത്തിൻറെ ആധിപത്യത്തിൽ നിന്നും നമ്മെ മോചിപ്പിക്കുന്നതിനും അവനിൽ ലോകത്തെ തന്നോട് രമ്യപ്പെടുത്തുന്നതിനും വേണ്ടി പിതാവായ ദൈവം പുത്രനെ ലോകത്തിലേക്ക് അയച്ചു. പിതാവിൻറെ ഇഷ്ടം നിറവേറ്റുക എന്നതായിരുന്നു പുത്രൻറെ പ്രേഷിത ദൗത്യം. ഈശോ

തന്നെയാണ് സുവിശേഷത്തിൻറെ പ്രഥമ വക്താവ്. പിതാവിൻറെ സ്നേഹവും കരുണയും തൻറെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും വെളിപ്പെടുത്തിയ അവിടുന്നുതന്നെയാണ് സുവിശേഷത്തിൻറെ പരമോന്നത വക്താവും ആദ്യത്തെ പ്രേഷിതനും. ഈശോയുടെ ദൗത്യം ലോകത്തിൻറെ രക്ഷയാണെന്നും രക്ഷയുടെ ദിനങ്ങൾ ആരംഭിച്ചു എന്നും ഈശോ പ്രഖ്യാപിച്ചു. ദൈവരാജ്യത്തിൻറെ സുവിശേഷം എല്ലായിടത്തും പ്രഘോഷിക്കുന്നതിനുവേണ്ടിയാണ് താൻ വന്നതെന്നും ഈശോ വ്യക്തമാക്കി. ഈശോ നേടിത്തന്ന രക്ഷ സ്വന്തമാക്കാൻ മനുഷ്യരെ സഹായിക്കുന്നതിനായി ദൈവം പരിശുദ്ധാത്മാവിനെ അയച്ചു. പരിശുദ്ധാത്മാവിൻറെ പ്രവർത്തനം കൂടാതെ സുവിശേഷ പ്രഘോഷണം സാധ്യമല്ല. ഈശോ ശിഷ്യന്മാർക്കു പരിശുദ്ധാത്മാവിനെ നൽകി. പരിശുദ്ധാത്മാവിൻറെ ശക്തി സ്വീകരിച്ചതിനുശേഷമേ സുവിശേഷ പ്രഘോഷണത്തിനു പുറപ്പെടാവൂ എന്ന് ഈശോ ശിഷ്യന്മാരെ ഓർമിപ്പിച്ചു. പന്തക്കുസ്ത തിരുനാളിൽ പരിശുദ്ധാത്മാവ് എഴുന്നള്ളി വന്നു സുവിശേഷം പ്രഘോഷിക്കുന്നതിനു ശിഷ്യന്മാർ ശക്തിയാർജ്ജിച്ചു. സുവിശേഷം സ്വീകരിക്കുന്നവരെ അത് സ്വീകരിക്കാൻ സന്നദ്ധരാക്കുന്നത് പരിശുദ്ധാത്മാവാണ് (Lesson 1, Pages 10-12)

19. പ്രാർത്ഥിക്കുന്ന സമൂഹം (വിശദീകരണം പുസ്തകം കാണുക, Lesson 3, Page 26)
20. രക്തസാക്ഷികളുടെ ധീരത (വിശദീകരണം പുസ്തകം കാണുക. പേജ് 35 ൽ അവസാനത്തെ പാരഗ്രാഫിൽ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ഉത്തരത്തിൽ ഉണ്ടാകണം (Lesson 4, 35)

# എറണാകുളം - അങ്കമാലി അതിരൂപത

## വിശ്വാസപരിശീലനകേന്ദ്രം

## ഒന്നാം സെമസ്റ്റർ പരീക്ഷ

05.11.2017 | മാർക്ക് - 50

10.30 am - 12.30 pm | **STD - X** | സമയം - 2 മണിക്കൂർ

***നിർദ്ദേശങ്ങൾ:*** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** 1x 5=5

1. വി. പൗലോസ് ശ്ലീഹായുടെ പ്രബോധനമനുസരിച്ച് 'വിശുദ്ധർ' എന്ന് പറയുന്നത്.

   1. കുമ്പസാരം എന്ന കൂദാശ സ്വീകരിച്ചവർ 2. മാമ്മോദീസ സ്വീകരിച്ചവർ 3. വിശ്വാസികളായ എല്ലാവരും

2. സഭയെ രക്ഷയുടെ മാർഗ്ഗമായും വിശ്വാസികളുടെ കൂട്ടായ്മയായും അവതരിപ്പിക്കുന്ന ഗ്രന്ഥം.

   1. പുറപ്പാട് പുസ്തകം 2. ഹെബ്രായർക്കുള്ള ലേഖനം 3.അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ

3. 'ക്രിസ്തു ഒരിക്കലും എന്നെ കൈവെടിഞ്ഞിട്ടില്ല. അങ്ങനെയുള്ള എന്റെ രക്ഷകനായ രാജാവിനെ ഇപ്പോൾ ഞാൻ എങ്ങനെ ശപിക്കും. സത്യമായി ഞാൻ പ്രഖ്യാപിക്കുന്നു: ഞാനൊരു ക്രിസ്ത്യാനിയാണ്' ആരുടെ വാക്കുകൾ?

   1. വി. അഗസ്റ്റിൻ 2. വി. പോളിക്കാർപ്പ് 3. വി. ക്ലമെന്റ്

4. ദൈവത്തിന്റെ ഇഷ്ടം നിറവേറ്റപ്പെടുന്ന അവസ്ഥയാണ്.

   1. സഭ 2. സ്വർഗ്ഗം 3. ദൈവരാജ്യം

5. വിശ്വാസ പരിശീലന മേഖലയിൽ സീറോമലബാർ സഭാ സിനഡ് ഈ അടുത്ത കാലത്ത് മുന്നോട്ട് വച്ച നൂതന കർമ്മ പരിപാടി.

   1. മാതാപിതാക്കൾക്കു പ്രത്യേക വിശ്വാസപരിശീലന ക്ലാസ്സുകൾ. 2. അന്ധവിദ്യാർത്ഥികൾക്കായി ബ്രെയ്‌ലി ലിപിയിൽ പാഠപുസ്തകം തയ്യാറാക്കൽ.
   3. വിശ്വാസപരിശീലകർക്കുള്ള ദൈവശാസ്ത്ര പഠന ക്ലാസ്സുകൾ.

**B. പൂരിപ്പിക്കുക** 1x 5=5

6. ദൈവവചനത്തിന്റെ കാതൽ ————.
7. ഈശോ ശ്ലീഹന്മാർ വഴി സഭയെ ഭരമേല്പിച്ച ദൗത്യമാണ്————.
8. എ.ഡി. 313- ലെ കോൺസ്റ്റന്റെയിൻ ചക്രവർത്തിയുടെ മിലാൻ വിളംബരത്തോടുകൂടി സഭയ്ക്ക്————കിട്ടി.
9. ആവശ്യക്കാരന് നേരെ കണ്ണടയ്ക്കുന്നത് നരകത്തിനർഹമാക്കുന്ന പാപമാണെന്ന് ————ഉപമ നമ്മെ പഠിപ്പിക്കുന്നു.
10. 'യേശു കരയ്ക്കിറങ്ങിയപ്പോൾ വലിയ ഒരു ജനക്കൂട്ടത്തെ കണ്ടു. അവരോട് അവന് ——— തോന്നി. കരാണം അവർ ——————ആയിരുന്നു.

## C. രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക 2x 7=14

11. ഈശോയാണ് പ്രഥമ പ്രേഷിതൻ എന്നു പറയുന്നത് എന്തുകൊണ്ട്?
12. അജപാലകരായ മെത്രാന്മാരുടെയും വൈദികരുടെയും ദൗത്യങ്ങൾ എന്തെല്ലാം?
13. ക്രിസ്തീയ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എഴുതുക.
14. വി. ചാവറയച്ചൻ വചനപ്രഘോഷണത്തിന് സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാം?
15. കാരുണ്യപ്രവൃത്തികളിൽ ആദ്ധ്യാത്മികങ്ങൾ എഴുതുക.
16. വി. മത്തായിയുടെ സുവിശേഷം ആറാം അദ്ധ്യായം 25 മുതൽ 34 വരെയുള്ള ഭാഗത്തെ പ്രധാന ആശയങ്ങൾ എഴുതുക.
17. ആദിമ ക്രൈസ്തവ സമൂഹം നേരിടേണ്ടിവന്ന മതപീഡന കാരണങ്ങൾ?

## D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു ഖണ്ഡിക (പാരഗ്രാഫ്) വീതം എഴുതുക. 5x2=10

18. പ്രേഷിതപ്രവർത്തനത്തിന്റെ നൂതനാഭിമുഖ്യങ്ങളിൽ ഒന്നായ രാഷ്ട്രീയ രംഗത്തെ സഭാ മക്കളുടെ സേവനത്തെ ഒൻപതാം അദ്ധ്യായത്തിന്റെ വെളിച്ചത്തിൽ വിശദമാക്കുക.
19. പ്രേഷിതപ്രവർത്തനത്തിന്റെ നാലു മാർഗ്ഗങ്ങളെക്കുറിച്ച് വിശദീകരിക്കുക. നിങ്ങൾ ജീവിതത്തിൽ സ്വീകരിച്ചിരുക്കുന്ന പ്രേഷിത പ്രവർത്തിനത്തിന്റെ ഒരു മാർഗ്ഗം ഏതെന്ന് കുറിക്കുക.
20. സുവിശേഷാനുസൃതം ജീവിച്ച സമൂഹത്തിന്റെ പ്രത്യേകതകൾ എഴുതുക. നമ്മുടെ ഇടവകയിൽ കാണുന്ന സുവിശേഷാനുസൃതമായ ഒരു സവിശേഷത കുറിക്കുക.

## E. രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക 6x 1=6

20. സഭയെ നിശിതമായി വിമർശിക്കുന്ന ഒരു കൂട്ടുകാരന്/കൂട്ടുകാരിക്ക് സഭയുടെ പ്രേഷിത സ്വാഭാവത്തെക്കുറിച്ചും നിങ്ങൾ ഇടവകയിലും വ്യക്തി തലത്തിലും ചെയ്യുന്ന പ്രേഷിത പ്രവർത്തനങ്ങളെ വിവരിച്ചുകൊണ്ടും ഒരു ഉപന്യാസമെഴുതുക.

| | |
|---|---|
| 21. ഇന്റേണൽ അസ്സെസ്സ്മെന്റ് : വചനദീപം പേജ് 33 | 10 |

# പത്താം ക്ലാസ്സ് - ഉത്തരങ്ങൾ
## ഒന്നാം സെമസ്റ്റർ പരീക്ഷ - നവംബർ 05, 2017

A. ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക (1x5)

1. 6/45 (last Para) മാമ്മോദീസ സ്വീകരിച്ചവർ
2. 3/23 (2nd Para) അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ
3. 4/35 (2nd Para) വിശുദ്ധ പോളിക്കാർപ്പ്
4. 2/18 (last Para) ദൈവരാജ്യം
5. Sathydeepam Sept.7-13 അന്ധവിദ്യാർത്ഥികൾക്കായി ബ്രെയ്‌ലി ലിപിയിൽ പാഠ പുസ്തകം തയ്യാറാക്കൽ

B. പൂരിപ്പിക്കുക. (1x5)

6. 6/49 (2nd Para) സ്നേഹം
7. 1/10 (Para-1st) സുവിശേഷ പ്രഘോഷണം
8. 4/33 (Para-3rd) സ്വാതന്ത്ര്യം
9. 8/61 (Para-2nd) ധനവാന്റെയും ലാസറിന്റെയും ഉപമ
10. Mark 6:34 അനുകമ്പ; അവർ ഇടയനില്ലാത്ത ആട്ടിൻപറ്റംപോലെ

C. രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക (2x7)

**11.1/10-11** എല്ലാ പ്രേഷിത പ്രവർത്തനങ്ങളുടെയും ആരംഭം പുത്രന്റെ ലോകത്തിലേക്കുള്ള അയക്കപ്പെടലാണ്. ദൈവപിതാവിന്റെ സ്നേഹവും കരുണയും തന്റെ വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും വെളിപ്പെടുത്തിയ ദൈവത്തിന്റെ സുവിശേഷമാണ് ഈശോയെന്നതു കൊണ്ടാണ് പ്രഥമ പ്രേഷിതൻ എന്നു പറയുന്നത്.

**12. 6/47 (2nd Para)** കൂദാശകളുടെ പരികർമ്മം, ദൈവവചന പ്രബോധനം, അജപാലന ശുശ്രൂഷയിലുടെ സഭാമക്കളെ വിശുദ്ധിയിൽ വളർത്തൽ

**13. 9/67 (2nd Para)** കുട്ടികളുടെ വിശ്വാസപരവും ധാർമ്മികവുമായിട്ടുള്ള പരിശീലനം, മിശിഹായുടെ പൂർണ്ണതയ്ക്ക് യോജിച്ച വിധത്തിൽ പരിപൂർണ്ണമായ മനുഷ്യവ്യക്തിത്വം പ്രാപിക്കാൻ മനുഷ്യരെ സഹായിക്കുക.

**14. 7/54 (2nd Para)** മുദ്രാലയ പ്രേഷിതത്വം, സാധുസംരക്ഷണം, ധ്യാനപ്രസംഗം, വചന പ്രഘോഷണം.

**15. Namaskarangal page 13; No. 18**

**16. Mt.6:25-34** ദൈവപരിപാലനയിൽ ആശ്രയിക്കുക, മനുഷ്യർ എത്രയോ വിലപ്പെട്ടവരാണ് ,നാളെയക്കുറിച്ച് നിങ്ങൾ ആകുലരാകരുത്, ദൈവത്തിന്റെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക, അതോടൊപ്പം മറ്റുള്ളവയെല്ലാം നൽകപ്പെടും.

**17. 4/31(2nd & 3rd Para)** ക്രൈസ്തവ വിശ്വാസം സ്വീകരിച്ചത്, വിജാതിയർ ക്രിസ്ത്യാനികളായത്; യഹൂദമതം ഉപേക്ഷിച്ചത് യഹൂദരുടെ വെറുപ്പിന് കാരണമായി. ചക്രവർത്തിയെ ദേവനായി ആരാധിക്കാൻ വിസമ്മതിച്ചത് റോമൻ ഭരണാധികാരികളുടെ ശത്രുതക്കും ഇടയായി.

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. മിനിമം അരപേജ് ഉണ്ടായിരിക്കണം. വിശദീകരണത്തേക്കാളുപരി. പ്രധാനപ്പെട്ട ആശയങ്ങൾ ഉണ്ടോയെന്ന് പരിശോധിക്കുക. (5x2)**

**18. 9/69** രാഷ്ട്രീയ രംഗത്ത് സഭാ മക്കളെ നയിക്കേണ്ടത് ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും നൽകാൻ വന്ന ഈശോയുടെ ചൈതന്യമായിരിക്കണം. സമൂഹത്തിൽ മർദ്ദിതരുടെയും ചൂഷിതരുടെയും സംരക്ഷകരും ശബ്ദമില്ലാത്തവരുടെ ശബ്ദമാകാനും കഴിയണം. വിശ്വാസികളായവർക്ക് രാഷ്ട്രീയ രംഗത്ത് കറപുരളാത്ത സേവനം കാഴ്ച്ച വയ്ക്കാൻ സാധിക്കണം. ശരിയായ പൗരബോധം വളർത്തിയെടുക്കണം. സത്യം, നീതി, സഹാനുഭാവം, സ്വാതന്ത്ര്യം എന്നീ മൂല്യങ്ങളിൽ സമൂഹത്തെ പടുത്തയുർത്താൻ രാഷ്ട്രീയ രംഗത്തുള്ള സഭാമക്കൾക്കു സാധിക്കണം. ധാർമ്മിക നിയമങ്ങൾക്ക് വിരൂദ്ധമായ രാഷ്ട്രീയ അധികാരികളുടെ നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കാൻ മനസ്സാക്ഷി കടപ്പെടുത്തുന്നു.

**19. (7th chapter)** 1. പ്രാർത്ഥനയുടെ പ്രേഷിതത്വം: മദ്ധ്യസ്ഥ പ്രാർത്ഥന- ആദിമ സഭാ ജീവിതത്തിൽ, കൊച്ചുത്രേസ്യയുടെ മാതൃക, വാഴ്ത്തപ്പെട്ട എവുപ്രാസ്യാമ്മ - പ്രാർത്ഥിക്കുന്ന അമ്മ 2. പ്രഘോഷണം വഴിയുള്ള പ്രേഷിതത്വം: വി. പൗലോസ് ശ്ലീഹായുടെ വചനം, വിശുദ്ധ ഫ്രാൻസീസ് അസ്സീസ്സി, ഫ്രാൻസീസ്സ് സേവ്യർ, പ്രവ ർത്തികളിൽ അധിഷ്ഠിതമായ പ്രഘോഷണം - മാതൃക - ചാവറയച്ചൻ, തേവർ പറമ്പിൽ കുഞ്ഞച്ചൻ 3. സേവനത്തിന്റെ പ്രേഷിതത്വം: ഈശോ തന്നെ മാതൃക. അഗതികളുടെ അമ്മയായ മദർ തെരേസ. ദൈവസ്നേഹം കൊണ്ടു നിറയുന്ന ഹൃദയം. ഈ ചെറിയവരിൽ ഒരുവനു ചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത് 4. സഹനത്തിന്റെ പ്രേഷിതത്വം: സഹനത്തിന്റെ രക്ഷാകരമായ മൂല്യം സഹനത്തെ രക്ഷാകരമാക്കിയ വിശുദ്ധർ - വി. അൽഫോൻസാമ്മ, വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ.

**20. 3/25** ഒരു കൂട്ടായ്മയായി. തങ്ങളേയും തങ്ങൾക്കുള്ളതും പൂർണ്ണമായി സമൂഹത്തിനും അംഗങ്ങൾക്കു വേണ്ടി സമർപ്പിച്ചു. ആത്മാവിന്റെ പ്രചോദനമനുസരിച്ചുള്ള ജീവിതം . ഈശോയുടെ പുനരുത്ഥാനത്തിലുള്ള വിശ്വാസം വഴി രൂപപ്പെട്ട നവ്യമായ ഹൃദയ ബന്ധം കൂട്ടായ്മയിൽ പ്രകടമായിരുന്നു. ഭൗതിക സമ്പത്തിൽ ആശ്രയിച്ചില്ല. ദൈവപരിപാലനയിലുള്ള പ്രത്യാശ അവരെ നയിച്ചു. ഭൗതിത വസ്തുക്കുളുടെ പങ്കുവയ്ക്കൽ സുവിശേഷാനുസൃതം ജീവിച്ച സമൂഹത്തിന് സന്തോഷവും സംതൃപ്തിയും നൽകി. ഭിന്നതയില്ലാത്ത വിശ്വാസികൾ, വിധവകളെ പരിഗണിക്കുന്ന സമൂഹം, ദരിദ്രർക്കായ് പിരിവ് നടത്തുന്ന സമൂഹം തുടങ്ങിയവയെല്ലാം ഈ സമൂഹത്തിന്റെ പ്രത്യേകതകളാണ്.

E. 21 **രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക** **(6x1)**

**അദ്ധ്യാപകന്റെ വിവേചനവും വിചിന്തനവും ഉണ്ടാകണം. ഉത്തരത്തിൽ സഭയുടെ പ്രേഷിതസ്വാഭവത്തെക്കുറിച്ചുള്ള പ്രമേയങ്ങൾ ഉണ്ടായിരിക്കണം. കുട്ടിയുടെ വ്യക്തിപരമായ വിചിന്തനത്തിന്റെ ആഴവും ഉൾക്കാഴ്ചയും വിലയിരുത്തുക.**

**22. ഇന്റേണൽ അസ്സസ്സ്മെന്റ് (5+5=10)**

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**6 - 11 - 2016** **മാർക്ക് – 50**

**10.30 am - 12.30 pm** **STD - X** **സമയം – 2 മണിക്കൂർ**

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള ചോദ്യവിഭാഗത്തിൽ ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമെ ഉത്തരമെഴുതാവൂ.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **1x5=5**

1. ഈശോയിലൂടെ പൂർത്തിയാക്കപ്പെട്ട രക്ഷയുടെ സദ്വാർത്തയാണ് ശ്ലീഹന്മാർ പ്രസംഗിച്ചതെന്ന് വ്യക്തമാക്കുന്ന പുതിയനിയമ ഗ്രന്ഥഭാഗം ഏത്?
2. നീറോ ചക്രവർത്തിയുടെ മതപീഡനകാലത്ത് തലകീഴായി കുരിശിൽ തറച്ചു കൊല്ലപ്പെട്ട ശ്ലീഹാ?
3. 'കർത്താവിന്റെ കാരുണ്യം അനന്തമാണ്' എന്ന് പ്രഘോഷിക്കുന്ന സങ്കീർത്തനം ഏത്?
4. സീറോ-മലബാർ സഭയ്ക്കുള്ള രൂപതകൾ എത്ര?
5. വിവാഹവും കുടുംബവുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് ഫ്രാൻസിസ് മാർപ്പാപ്പ പുറപ്പെടുവിച്ച അപ്പസ്തോലിക പ്രബോധനം?

**ദൈവവചനം എഴുതുക** **1 ½ x2=3**

6. മത്താ. 6:33 ''നിങ്ങൾ ആദ്യം....
7. 1 കോറി. 9:16 ''ഞാൻ സുവിശേഷം....

**ഉത്തരമെഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **3x2=6**

8. ശരിയോ തെറ്റോ? തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക.
   a. വചനപ്രഘോഷണത്തിലൂടെയാണ് ഈശോ തന്റെ പ്രവർത്തനങ്ങൾക്കെല്ലാം ആവശ്യമായ ശക്തി നേടിയിരുന്നത്.
   b. ഏഷ്യയിലെ ഏറ്റവും വലിയ അല്മായ പ്രേഷിത സംഘടനയായ ചെറുപുഷ്പമിഷൻ ലീഗിന്റെ സ്വർഗീയ മധ്യസ്ഥ വി. അൽഫോൻസാമ്മയാണ്.
   c. സ്വർഗീയ സമ്മാനത്തിനായി വിളിക്കപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചനെ ഫ്രാൻസിസ് മാർപ്പാപ്പ 2006 ഏപ്രിൽ 30നു വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു.
   d. സഹനത്തെ തിന്മയായി കണ്ടിരുന്ന ലോകത്തിന് സഹനത്തിന്റെ രക്ഷാകര മൂല്യം ഈശോ വെളിപ്പെടുത്തിത്തന്നു.
   e. അവൻ അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും ജനങ്ങളുടെ എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും ഗലീലി മുഴുവൻ ചുറ്റി സഞ്ചരിച്ചു. (മത്താ 4:23)
   f. ''വിദ്യാഭ്യാസ പ്രേഷിതത്വം യഥാർത്ഥത്തിൽ സഭയുടെ ദൈവവിളിയും കടമയുമാണ്''.
9. ഈശോയുടെ ജീവിതത്തിന്റെ വെളിച്ചത്തിൽ സഭയിൽ പരിശുദ്ധാത്മാവിന്റെ പ്രേഷിതത്വം വിശദമാക്കുക.
10. താഴെ തന്നിരിക്കുന്ന ബോക്സിൽ നിന്നും ഏറ്റവും ശരിയായവ തെരഞ്ഞെടുത്ത് പട്ടിക പൂർത്തിയാക്കുക
   a. സത്യവിശ്വാസത്തിന്റെ ഉറവിടങ്ങൾ
   b. ക്രിസ്തീയ വിശ്വാസത്തിനെതിരായ സിദ്ധാന്തങ്ങൾ
   c. 4-ാം നൂറ്റാണ്ടിൽ സഭയെ ഉലച്ച വലിയ പാഷണ്ഡത
   d. പൗരസ്ത്യ സന്യാസസഭകളുടെ പിതാവ് എന്നറിയപ്പെടുന്ന വിശുദ്ധൻ
   e. സുറിയാനി പിതാക്കന്മാരിൽ 'പരിശുദ്ധാത്മാവിന്റെ വീണ' എന്നറിയപ്പെടുന്ന വിശുദ്ധൻ
   f. ദൈവനഗരം എന്ന പുസ്തകത്തിന്റെ രചയിതാവ്.

പാഷണ്ഡത, ആര്യനിസം, വി.ബേസിൽ, വി. അഗസ്തീനോസ്, വി. അപ്രേം, വി. യാക്കോബ്
അപ്പസ്തോലപിതാക്കന്മാർ, വി. അത്തനേഷ്യസ്, വി. ലിഖിതവും പാരമ്പര്യങ്ങളും.

**ബൈബിൾ പഠനം** **3**

11. ലൂക്കാ 15:1-7 തിരുവചനങ്ങളിലൂടെ യേശു പറഞ്ഞ ഉപമ വിശദീകരിച്ച്, തിരുവചനം ലൂക്കാ 15:7 എഴുതുക.

**നമസ്കാരങ്ങൾ** **3x2=6**

12. കുമ്പസാരത്തിനുള്ള ജപം എഴുതുക.
13. ഈശോയുടെ തിരുഹൃദയ ജപമാലയിലെ മിശിഹായുടെ ദിവ്യാത്മാവേ എന്നു തുടങ്ങി എന്റെ ഹൃദയം അങ്ങേ ദിവ്യഹൃദയത്തിന് ഒത്തതാക്കിയരുളണമേ വരെ എഴുതുക.

**ഒരു പേജിൽ കവിയാതെ എഴുതുക. (ഏതെങ്കിലും രണ്ടെണ്ണം)** **3½ x2= 7**

**(പാഠപുസ്തകത്തിലെ ഉത്തരവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ചേർത്ത് എഴുതുക)**

14. ''സ്നേഹത്തിലൂടെ പ്രവർത്തന നിരതമാകുന്ന വിശ്വാസമാണ് സുപ്രധാനം''. (ഗലാ. 5:6) പ്രവർത്തന നിരതമാകുന്ന വിശ്വാസം എന്ന ആശയം വിശദീകരിച്ച്, സ്വന്തം സുഖസൗകര്യങ്ങളും സന്തോഷങ്ങളും മാറ്റിവച്ച് പാവപ്പെട്ടവരെ സഹായിക്കാനുള്ള നിങ്ങളുടെ പരിശ്രമങ്ങൾ എന്തെല്ലാം എന്നെഴുതുക. (അധ്യായം 8)
15. ദൈവവചനം സ്വീകരിച്ച് വിരോചിതമായി ജീവിച്ചവരാണ് വിശുദ്ധർ. ഉദാഹരണസഹിതം സമർത്ഥിക്കുക. എല്ലാവർക്കും വിശുദ്ധരാകാൻ സാധിക്കുമോ? നിങ്ങളുടെ അഭിപ്രായം എഴുതുക. (അധ്യായം 6)
16. പ്രാർത്ഥനയിൽ അടിയുറച്ച സമൂഹമാണ് ആദിമ ക്രൈസ്തവസമൂഹം. വിശദമാക്കുക. പ്രാർത്ഥനയിൽ വളരുമ്പോൾ ജീവിത്തിലുണ്ടാകുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് നിങ്ങളുടെ അനുഭവത്തിൽനിന്നും എഴുതുക. (അധ്യായം 3)

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5x1=5**

17. മതപീഡനങ്ങൾ സഭയെ തളർത്തുകയല്ല വളർത്തുകയാണു ചെയ്തതെന്ന് ശ്ലീഹന്മാരുടെ രക്തസാക്ഷിത്വം, ഭാരതത്തിലെ രക്തസാക്ഷികൾ, രക്തസാക്ഷികളുടെ ധീരത എന്നീ വിഷയങ്ങളിലൂടെ വിവരിക്കുക. (അധ്യായം 4)
18. സുവിശേഷപ്രഘോഷണഫലമായി സഭ രൂപം കൊണ്ടതെങ്ങനെ? പ്രഘോഷണവും സാക്ഷ്യവും തമ്മിലുള്ള ബന്ധം എന്ത്? പ്രഘോഷണ വിഷയം എന്തായിരിക്കണം? വിവരിക്കുക (അധ്യായം 2)

**പൊതുചോദ്യം** **5x1 =5**

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക.**

19. കേരളത്തിൽ അരങ്ങേറുന്ന രാഷ്ട്രീയ കൊലപാതകങ്ങൾ നമ്മെ ഏറെ ഭീതിയിലാഴ്ത്തുന്നുണ്ട്. ക്രിസ്തുവിന്റെ അനുയായി എന്ന നിലയിൽ ഈ രാഷ്ട്രീയ സാഹചര്യത്തെ നിങ്ങൾ എപ്രകാരമാണ് വിലയിരുത്തുന്നത്. ക്രിസ്തുവിന്റെ ദൈവരാജ്യ സങ്കൽപങ്ങൾക്കനുസൃതമായി നിങ്ങൾ നിർദ്ദേശിക്കുന്ന പരിഹാരങ്ങൾ എന്തൊക്കെയാണ്? വിവരിക്കുക.

**20. ഇന്റേണൽ അസ്സെസ്മെന്റ്** **10**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠ ക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം ( 1 മാർക്ക്), മതാധ്യാപകന്റെ വിലയിരുത്തൽ ( 1 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകൻ 10-ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
# സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**06 - 11 - 2016** | **മാർക്ക് – 50**

**10.30 am - 12.30 pm** | **ഉത്തരസൂചിക** | **സമയം – 2 മണിക്കൂർ**

## STD - X

***നിർദ്ദേശങ്ങൾ:*** *ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യം എഴുതിയിരിക്കുന്നവയാണ് പരിഗണിക്കേണ്ടത്.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **1x5 =5**

1. അപ്പസ്തോലപ്രവർത്തനങ്ങൾ - 2/20
2. പത്രോസ് ശ്ലീഹാ - 4/30
3. സങ്കീർത്തനം 136
4. രൂപതകൾ 32 - സത്യദീപം ആഗസ്റ്റ് 25–31/2016
5. സ്നേഹത്തിന്റെ സന്തോഷം/ആനന്ദം - സത്യദീപം ജൂലൈ 7–13/2016

**ദൈവവചനം എഴുതുക** **1 ½ x2=3**

6. 7/57 – ''നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും' (മത്താ. 6/33)
7. 1/14 – ''ഞാൻ സുവിശേഷം പ്രസംഗിക്കുന്നെങ്കിൽ അതിൽ എനിക്ക് അഹംഭാവത്തിനു വകയില്ല. അത് എന്റെ കടമയാണ്. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം.'' (1 കോറി. 9/16)

**ഉത്തരമെഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **3 x2=6**

8. a. തെറ്റ് - പിതാവിനോടുള്ള ദീർഘനേരത്തെ പ്രാർത്ഥനയിലൂടെയാണ് - 7/51, b. തെറ്റ് - വിശുദ്ധ കൊച്ചുത്രേസ്യയാണ് 7/53, c. തെറ്റ് - പരിശുദ്ധ ബനഡിക്ട് 16–ാമൻ മാർപ്പാപ്പ 7/54, d.– ശരി 7/55, e. ശരി 7/51, f. തെറ്റ് - സുവിശേഷ പ്രഘോഷണം 7/53
9. 1/11–12
10. (a) വി. ലിഖിതവും പാരമ്പര്യങ്ങളും - 5/37 (b) പാഷണ്ഡത - 5/38 (c) ആര്യനിസം - 5/38 (d) വി. ബേസിൽ - 5/41 (e) വി. അപ്രേം - 5/42, f. വി. അഗസ്തീനോസ് 5/41

**ബൈബിൾ പഠനം** **3**

11. ലൂക്കാ. 15:1-7 – കാണാതായ ആടിന്റെ ഉപമ
    ലൂക്കാ. 15:7 – അതുപോലെ തന്നെ, അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊമ്പതു നീതിമാന്മാരെക്കുറിച്ച് ............. സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും എന്ന് ഞാൻ നിങ്ങളോടു പറയുന്നു.

**നമസ്ക്കാരങ്ങൾ** **3 x2= 6**

12. നമസ്ക്കാരങ്ങൾ - പേജ് 6–7
13. നമസ്ക്കാരങ്ങൾ - പേജ് 26

**ഒരു പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും രണ്ടെണ്ണം)** **3½ x2=7**

14. 8/60, 61
15. 6/45, 46
16. 3/26, 27

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക. (ഏതെങ്കിലും ഒരെണ്ണം)** **5 x1= 5**

17. 4/30-35

18. 2/16-20

**19. പൊതുചോദ്യം (രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക)** **5x1=5**

**20. ഇന്റേണൽ അസ്സെസ്സ്മെന്റ്** **10**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (1 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകർ 10-ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
# സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**01 -11 - 2015** — **മാർക്ക് – 50**

**10.30 am - 12.30 pm** — **സമയം – 2 മണിക്കൂർ**

## STD - X

***നിർദ്ദേശങ്ങൾ**: ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത് ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള വിഭാഗത്തിൽ ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമെ ഉത്തരമെഴുതാവൂ.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക:** **6**

1. സഭയുടെ അടിസ്ഥാന ദൗത്യം?
2. ശ്ലീഹന്മാർ സുവിശേഷം പ്രസംഗിച്ച സ്ഥലങ്ങളെക്കുറിച്ചും അവരുടെ രക്തസാക്ഷിത്വത്തെക്കുറിച്ചും വിവരിക്കുന്ന ചരിത്രകാരൻ?
3. ആവശ്യക്കാരനു നേരെ കണ്ണടയ്ക്കുന്നത് നരകത്തിനർഹമാക്കുന്ന പാപമാണെന്ന് നമ്മെ പഠിപ്പിക്കുന്ന ഉപമ ഏത്?
4. ഈ വിജാതീയനല്ലാതെ മറ്റാർക്കും തിരിച്ചുവന്ന് ദൈവത്തെ മഹത്ത്വപ്പെടുത്തണം എന്നു തോന്നിയില്ലേ? യേശുവിന്റെ ഈ ചോദ്യത്തിനടിസ്ഥാനമായ പത്തു കുഷ്ഠരോഗികളുടെ ഉപമ ലൂക്കായുടെ സുവിശേഷം ഏത് അധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു?
5. കേരളത്തിലെ പ്രഥമ കർദിനാൾ?
6. ഫ്രാൻസീസ് മാർപ്പാപ്പ പുറപ്പെടുവിച്ച പുതിയ ചാക്രിക ലേഖനത്തിന്റെ പേര്?

**ദൈവവചനം എഴുതുക** **3**

7. അപ്പ. 4:20. ‘‘ഞങ്ങൾ...........
8. 1 യോഹ. 3:18. ‘‘കുഞ്ഞുമക്കളെ.....

**ഉത്തരമെഴുതുക. (ഏതെങ്കിലും രണ്ടെണ്ണം)** **6**

9. സഭയിൽ പരിശുദ്ധാത്മാവിന്റെ പ്രേഷിതത്വം എന്തെന്ന് വിശദമാക്കുക.
10. തെറ്റോ ശരിയോ? തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക.
    a. സത്യവിശ്വാസത്തിന്റെ ഉറവിടങ്ങൾ വിശുദ്ധ ലിഖിതവും വിശുദ്ധ കുർബാനയുമാണ്.
    b. സഭയുമായി ഐക്യമില്ലാതെ വിഘടിച്ചു നിൽക്കുന്നതിനാണ് പാഷണ്ഡതയെന്നു പറയുന്നത്.
    c. നാലാം നൂറ്റാണ്ടിൽ സഭയെ ഉലച്ച വലിയ പാഷണ്ഡതയാണ് ആര്യനിസം.
    d. ആദ്യകാല സൂനഹദോസുകളുടെയെല്ലാം പ്രധാന ലക്ഷ്യം പാഷണ്ഡതകൾക്കെതിരായ പ്രബോധനങ്ങൾ നൽകുകയായിരുന്നു.
    e. വിശുദ്ധ അത്തനേഷ്യസ് പൗരസ്ത്യ സന്യാസ സഭകളുടെ പിതാവ് എന്നറിയപ്പെടുന്നു.
    f. അപ്പസ്തോലപിതാക്കന്മാരിൽ ഏറ്റവും പ്രസിദ്ധനാണ് വിശുദ്ധ അപ്രേം.
11. സഭ പ്രേഷിതപ്രവർത്തന ദൗത്യം നിറവേറ്റുന്ന മാർഗങ്ങൾ, ‘പ്രേഷിതപ്രവർത്തനമാർഗങ്ങൾ’ എന്ന പാഠത്തെ അടിസ്ഥാനപ്പെടുത്തി താഴെ തന്നിരിക്കുന്ന ബോക്സിൽ നിന്ന് ശരിയായവ തെരഞ്ഞെടുത്ത്, ആ മാർഗങ്ങളിലൂടെ അനേകരെ ഈശോയിലേയ്ക്കടുപ്പിച്ച വിശുദ്ധാത്മാക്കളുടെ രണ്ട് ഉദാഹരണങ്ങൾ വീതം എഴുതി പട്ടിക പൂർത്തിയാക്കുക.

പ്രാർത്ഥന, ഉപവാസം, പ്രഘോഷണം, ദാനധർമ്മം, ആതുരശുശ്രൂഷ, സഹനം, മാധ്യമ പ്രേഷിതത്വം, സേവനം

| മാർഗങ്ങൾ | വിശുദ്ധാത്മാക്കൾ |
|---|---|
| ............................................ | ............................................ |
| ............................................ | ............................................ |
| സേവനം | വാഴ്ത്തപ്പെട്ട മദർ തെരേസ |
| ............................................ | ............................................ |

**ബൈബിൾ പഠനവും നമസ്ക്കാരങ്ങളും**

12. ലൂക്കായുടെ സുവിശേഷം 18-ാം അധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങൾ ശരിയായവ തെരഞ്ഞെടുത്ത് ബ്രാക്കറ്റിൽ ബൈബിൾ ഭാഗം ചേർത്ത് ക്രമത്തിൽ എഴുതുക. **3**

| | |
|---|---|
| * സക്കേവൂസിന്റെ ഭവനത്തിൽ. | (ലൂക്കാ 18:1-8) |
| * ശിശുക്കളെ ആശീർവദിക്കുന്നു. | (ലൂക്കാ 18:9-14) |
| * ധനികനായ മനുഷ്യൻ. | (ലൂക്കാ 18:15-17) |
| * മനുഷ്യപുത്രന്റെ ആഗമനം. | (ലൂക്കാ 18:18-30) |
| * ന്യായാധിപനും വിധവയും. | (ലൂക്കാ 18:31-34) |
| * ഫരിസേയനും ചുങ്കക്കാരനും. | (ലൂക്കാ 18:35-43) |
| * ധനവാനും ലാസറും. | (ലൂക്കാ 18:44-48) |
| * അന്ധനു കാഴ്ച നൽകുന്നു. | (ലൂക്കാ 18:49-52) |
| * പീഡാനുഭവവും ഉത്ഥാനവും - മൂന്നാം പ്രവചനം. | (ലൂക്കാ 18:53-56) |

13. കാരുണ്യപ്രവൃത്തികൾ - ആദ്ധ്യാത്മികങ്ങൾ എഴുതുക **3 ½**

14. ഈശോയുടെ തിരുഹൃദയ ജപമാലയിലെ കാഴ്ചവയ്പ്പ് അഥവാ സമർപ്പണ പ്രാർത്ഥന എഴുതുക. **2 ½**

**ഖണ്ഡിക എഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **6**

(പാഠപുസ്തകത്തിലെ ഉത്തരവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ചേർത്ത് എഴുതുക.)

15. സുവിശേഷവത്ക്കരണത്തിനുള്ള പ്രധാന മാർഗം ക്രിസ്തീയ ജീവിതം വഴി നൽകപ്പെടുന്ന സാക്ഷ്യമാണെന്ന യാഥാർത്ഥ്യം വിശദമാക്കുക. നിങ്ങൾ പഠിക്കുന്ന സ്ക്കൂളിൽ സുവിശേഷപ്രഘോഷണത്തിന് നിങ്ങൾ സ്വീകരിച്ചിരിക്കുന്ന പെരുമാറ്റ രീതികൾ ഏവയെന്ന് എഴുതുക. (അധ്യായം 2)

16. മതപീഡനങ്ങൾ സഭയെ തളർത്തുകയല്ല വളർത്തുകയാണ് ചെയ്തതെന്നു പറയാൻ കാരണമെന്ത്? വിശ്വാസ സംരക്ഷണത്തിനായി നിങ്ങൾ എടുക്കുന്ന തീരുമാനം എന്ത്? വിശദമാക്കുക. (അധ്യായം 4)

17. അല്മായപ്രേഷിതത്തിലൂടെ എങ്ങനെ വിശുദ്ധരാകാം? ജീവിതസാഹചര്യങ്ങളെ വിശുദ്ധീകരിക്കാൻ ശക്തിയുള്ള ദൈവവചനത്തെ സ്വന്തമാക്കാൻ നിങ്ങൾ സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദീകരിക്കുക. (അധ്യായം 6)

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക. (ഏതെങ്കിലും ഒരെണ്ണം)** **5**

18. സുവിശേഷ ശ്രവണവും ജീവിതവും പ്രഘോഷണവും വഴി ആദിമക്രൈസ്തവ സമൂഹത്തിനുണ്ടായ വിശ്വാസ വളർച്ചയും പ്രേഷിത ചൈതന്യവും വിവരിക്കുക. (അധ്യായം 3)

19. സഭ വിവിധ മാർഗങ്ങളിലൂടെ മനുഷ്യന്റെ സമഗ്ര പുരോഗതിക്കായി യത്നിക്കുന്നു. അവയിൽ വിദ്യാഭ്യാസം, മാധ്യമങ്ങൾ, രാഷ്ട്രീയം തുടങ്ങിയ മാർഗങ്ങളെക്കുറിച്ച് വിവരിക്കുക. (അധ്യായം 9)

**പൊതുചോദ്യം** **5**

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക.**

20. നമ്മളാരും ഒറ്റയ്ക്കല്ലെന്നും ആരൊക്കെയോ നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടെന്നും, എന്തൊക്കെയോ നന്മകളുടെ മധ്യേയാണ് നമ്മളെല്ലാവരും ജീവിക്കുന്നത് എന്നും ബോധ്യപ്പെട്ട ഒരു സംഭവമായിരുന്നു അച്ചാടൻ മാത്യുവിന്റെ ഹൃദയശസ്ത്രക്രിയ. നമുക്ക് ഹൃദയമുള്ളത് ഹൃദയമുള്ളവരാകാനാണ്. എത്രയോ പേരുടെ ത്യാഗപൂർവ്വമായ ഒന്നിപ്പിന്റെ ഫലമാണിത്. വലുതും ചെറുതുമായ ഒത്തിരി നന്മ പ്രവൃത്തികൾ നമുക്കും ഈ സമൂഹത്തിനുവേണ്ടി ചെയ്യാനുണ്ടെന്ന ബോധ്യം തിരുവചനത്തിലൂടെ വിവരിക്കുക.

21. ഇന്റേണൽ അസ്സെസ്സ്മെന്റ് **10**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (1 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകർ 10-ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

01 - 11 - 2015 — മാർക്ക് – 50

10.30 am - 12.30 pm — **STD - X** — സമയം – 2 മണിക്കൂർ

ഉത്തരസൂചിക

*നിർദ്ദേശങ്ങൾ: ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യമെഴുതിയിരിക്കുന്നവയാണ് പരിഗണിക്കേണ്ടത്.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക: 6**

1. സുവിശേഷ പ്രഘോഷണം 2/16
2. എവുസേബിയൂസ് 4/30
3. ധനവാന്റെയും ലാസറിന്റെയും ഉപമ 8/61
4. ലൂക്കാ 17
5. കർദിനാൾ ജോസഫ് പാറേക്കാട്ടിൽ – സത്യദീപം 2015 ജൂലൈ 30-ആഗസ്റ്റ് 5
6. അങ്ങേയ്ക്ക് സ്തുതി (ലൗദാത്തോ സി) – സത്യദീപം 2015 ആഗസ്റ്റ് 6-12

**ദൈവവചനം എഴുതുക: 3**

7. അപ്പ. 4:20. ''ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്കു സാധിക്കുകയില്ല.'' 3/ 27
8. 1 യോഹ. 3:18. ''കുഞ്ഞുമക്കളെ, വാക്കിലും സംസാരത്തിലുമല്ല നാം സ്നേഹിക്കേണ്ടത്, പ്രവൃത്തിയിലും സത്യത്തിലുമാണ്.'' 8/64

**ഉത്തരമെഴുതുക. (ഏതെങ്കിലും രണ്ടെണ്ണം) 6**

9. 1/11, 12
10. a. തെറ്റ്. പാരമ്പര്യങ്ങളുമാണ് – 5/37
    b. തെറ്റ്. ശീശ്മ – 5/38
    c. ശരി – 5/38
    d. ശരി – 5/39
    e. തെറ്റ്. വിശുദ്ധ ബേസിൽ – 5/41
    f. തെറ്റ്. സുറിയാനി സഭാപിതാക്കന്മാരിൽ – 5/42
11. പ്രാർത്ഥന – രണ്ട് വിശുദ്ധാത്മാക്കൾ –7/53
    പ്രഘോഷണം – രണ്ട് വിശുദ്ധാത്മാക്കൾ –7/53
    സേവനം – വാഴ്ത്തപ്പെട്ട മദർ തെരേസ –7/55
    സഹനം – രണ്ട് വിശുദ്ധാത്മാക്കൾ –7/56

**ബൈബിൾ പഠനവും നമസ്ക്കാരങ്ങളും 3**

12. ലൂക്കായുടെ സുവിശേഷം 18-ാം അധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങൾ ശരിയായവ തെരഞ്ഞെടുത്ത് ബ്രാക്കറ്റിൽ ബൈബിൾ ഭാഗം ചേർത്ത് ക്രമത്തിൽ എഴുതുക.
    (a) ന്യായാധിപനും വിധവയും. (ലൂക്കാ 18:1-8)
    (b) ഫരിസേയനും ചുങ്കക്കാരനും. (ലൂക്കാ 18:9-14)
    (c) ശിശുക്കളെ ആശീർവദിക്കുന്നു. (ലൂക്കാ 18:15-17)
    (d) ധനികനായ മനുഷ്യൻ. (ലൂക്കാ 18:18-30)
    (e) പീഡാനുഭവവും ഉത്ഥാനവും – മൂന്നാം പ്രവചനം. (ലൂക്കാ 18:31-34)
    (f) അന്ധനു കാഴ്ച നൽകുന്നു. (ലൂക്കാ 18:35-43)
13. നമസ്ക്കാരങ്ങൾ – പേജ് 13 — 3 ½
14. നമസ്ക്കാരങ്ങൾ – പേജ് 27 — 2 ½

**ഖണ്ഡിക എഴുതുക (ഏതെങ്കിലും രണ്ടെണ്ണം) 6**

15. 2/19,20
16. 4/35,36
17. 6/48,49

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക. (ഏതെങ്കിലും ഒരെണ്ണം) 5**

18. 3/24-27
19. 9/66-69

**പൊതുചോദ്യം 5**

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക.**

20. പൊതുചോദ്യം

21. ഇന്റേണൽ അസ്സെസ്മെന്റ് — 10

    40 മാർക്കിനുള്ള ചോദ്യങ്ങളും 10 മാർക്കിന് ഇന്റേണൽ അസ്സെസ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. അധ്യയനവർഷത്തിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചനദീപം പേജ് 37) ഇതൊരു മോഡൽ പരീക്ഷയായതിനാൽ മാർക്ക് ഓൺലൈനിൽ എന്റർ ചെയ്യേണ്ടതില്ല. 2016 ജനുവരി 30 ന് മുമ്പ് മൊത്തം അറ്റന്റൻസിന്റെ ശതമാനവും ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കും ഓൺലൈനിൽ എന്റർ ചെയ്യേണ്ടതാണ്.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം

## സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**2 - 11 - 2014** — **മാർക്ക് – 50**

**10.30 am - 12.30 pm** — **STD - X** — **സമയം – 2 മണിക്കൂർ**

***നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള ചോദ്യവിഭാഗത്തിൽ ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമെ ഉത്തരമെഴുതാവൂ.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **4**

1. ഈശോ ശ്ലീഹന്മാർവഴി സഭയെ ഭരമേൽപിച്ച ദൗത്യം?
2. അഖിലലോകമിഷന്റെ മധ്യസ്ഥ?
3. 'അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് ദൈവത്തിന്റെ ദൂതന്മാരുടെ മുമ്പിൽ സന്തോഷമുണ്ടാകും' എന്ന് നമ്മെ പഠിപ്പിക്കാൻ ഈശോ പറഞ്ഞ ഉപമ ഏത്?
4. വത്തിക്കാൻ കുടുംബ കാര്യാലയത്തിന്റെ അദ്ധ്യക്ഷൻ?

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **2**

5. ഈ ലോകത്തിൽ ഈശോയുടെ തുടർച്ചയും കൂദാശയുമാണ്
(രണ്ടാം വത്തിക്കാൻ കൗൺസിൽ, സഭ, മാമ്മോദീസ)
6. ഭാരതത്തിന്റെ രണ്ടാമത്തെ അപ്പസ്തോലനായി അറിയപ്പെടുന്ന വിശുദ്ധൻ?
(വി. ഫ്രാൻസീസ് അസ്സീസി, വിശുദ്ധ അഗസ്തീനോസ്, വിശുദ്ധ ഫ്രാൻസീസ് സേവ്യർ)
7. ഈശോ സുഖപ്പെടുത്തിയ പത്തു കുഷ്ഠരോഗികളെക്കുറിച്ച് പ്രതിപാദിക്കുന്ന സുവിശേഷ ഭാഗം?
(ലൂക്കാ 17/11-19, ലൂക്കാ 19/1-10, ലൂക്കാ 16/19-31)
8. 51-ാമത് അന്തരാഷ്ട്ര ദിവ്യകാരുണ്യ കോൺഗ്രസ് നടക്കുന്ന സ്ഥലം?
(ബ്രസീലിലെ റിയോഡി ജനിറോ, പോളണ്ടിലെ ക്രാക്കോവ്, ഫിലിപ്പീൻസിലെ സെബു)

**ദൈവവചനം എഴുതുക** **3**

9. ഗലാത്തിയാ. 1/8
''ഞങ്ങൾ ..........................................
..........................................................
..........................................................

10. മത്തായി 19/21
''നീ ..................................................
..........................................................
..........................................................

**ഉത്തരമെഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **5**

11. സുവിശേഷപ്രഘോഷകയായ സഭ തന്റെ ദൗത്യം നിർവഹിക്കുന്നതെങ്ങനെ? വിശദമാക്കുക.
12. ശരിയോ തെറ്റോ? തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക.
    a. പ്രഥമ രക്തസാക്ഷിയായ സ്തേഫാനോസിന്റെ ചരിത്രം അപ്പസ്തോലപ്രവർത്തനങ്ങളിൽ നാം വായിക്കുന്നു.
    b. ശിമയോൻ ഒഴികെയുള്ള ശ്ലീഹന്മാരെല്ലാം രക്തസാക്ഷികളായി എന്നാണ് ചരിത്രം സാക്ഷ്യപ്പെടുത്തുന്നത്.
    c. പത്രോസ് ശ്ലീഹാ ഡയോക്ലീഷ്യൻ ചക്രവർത്തിയുടെ മതപീഡനകാലത്ത് റോമിൽവച്ച് തലകീഴായി കുരിശിൽ തറച്ച് കൊല്ലപ്പെട്ടു.
    d. എ.ഡി. 313 ലെ കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ മിലാൻ വിളംബരത്തോടുകൂടി സഭയ്ക്ക് സ്വാതന്ത്ര്യം കിട്ടി.
    e. ക്രിസ്തീയ സ്നേഹത്തെപ്രതി ജീവൻ ത്യജിച്ച പുരോഹിതനായിരുന്നു വിശുദ്ധ തോമസ് മൂർ.

13. ആരാണ് സഭാപിതാക്കന്മാർ? താഴെ തന്നിരിക്കുന്ന ബോക്സിൽനിന്നും സഭാ പിതാക്കന്മാരുടെ പേരുകൾ തെരഞ്ഞെടുത്ത് എഴുതുക.

വിശുദ്ധ അത്തനേഷ്യസ്, വിശുദ്ധ ക്ലമന്റ്,
വിശുദ്ധ ഇഗ്നേഷ്യസ്, വിശുദ്ധ ബേസിൽ,
വിശുദ്ധ ജോൺ ക്രിസോസ്തോം,
വിശുദ്ധ അഗസ്തീനോസ്,
വിശുദ്ധ പൊളിക്കാർപ്പ്, വിശുദ്ധ എഫ്രേം.

**ബൈബിൾ പഠനം** **2 ½**

14. ''തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടുകയും ചെയ്യും'' ഫരിസേയന്റേയും ചുങ്കക്കാരന്റേയും ഉപമയുടെ (ലൂക്കാ 18/9-14) അടിസ്ഥാനത്തിൽ ആശയം വിശദമാക്കുക.

**നമസ്കാരങ്ങൾ** **7 ½**

15. ഈശോയുടെ തിരുഹൃദയജപമാലയിലെ കാഴ്ചവയ്പ്പ് അഥവാ സമർപ്പണപ്രാർത്ഥന എഴുതുക (ഈശോയുടെ മാധുര്യമുള്ള............)
16. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥന എഴുതുക.
17. 'ദൈവകല്പനകൾ പത്ത്' എഴുതുക.

**ഖണ്ഡിക എഴുതുക. (ഏതെങ്കിലും രണ്ടെണ്ണം)** **6**

**(പാഠപുസ്തകത്തിലെ ഉത്തരവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ചേർത്ത് എഴുതുക)**

18. സഭ സ്വഭാവത്താലെ പ്രേഷിതയായതിനാൽ ദൈവജനം മുഴുവനും പ്രേഷിതരാണ്. സഭാമക്കളായ നിങ്ങൾ ഈ പ്രേഷിതദൗത്യം നിറവേറ്റുന്നതെങ്ങനെ? വിശദമാക്കുക. (അദ്ധ്യായം 1)
19. സഹനത്തെ തിന്മയായി കണ്ടിരുന്ന ലോകത്തിന് സഹനത്തിന്റെ രക്ഷാകരമൂല്യം ഈശോ വെളിപ്പെടുത്തിത്തന്നതെങ്ങനെയെന്നും നമ്മുടെ സഹനങ്ങൾ - രോഗങ്ങൾ, തകർച്ചകൾ, പരാജയങ്ങൾ - രക്ഷാകരമാക്കാൻ നാം എങ്ങനെയാണ് ശ്രമിക്കേണ്ടതെന്നും വ്യക്തമാക്കുക. (അദ്ധ്യായം 7)
20. മനുഷ്യന്റെ സമഗ്ര പുരോഗതിക്കായി യത്നിക്കുന്ന സഭ മാധ്യമപ്രേഷിതത്വത്തിലൂടെ സുവിശേഷ പ്രഘോഷണത്തിനായി ആഹ്വാനം ചെയ്യുന്നു. സഭാതനയർ എന്ന നിലയിൽ നമുക്കെങ്ങനെ സിനിമ, റേഡിയൊ, ടെലിവിഷൻ, കമ്പ്യൂട്ടർ, ഇന്റർനെറ്റ് തുടങ്ങിയ മാധ്യമങ്ങളിലൂടെ സുവിശേഷ പ്രഘോഷണം നടത്താം? (അദ്ധ്യായം 9)

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5**

21. ''എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തുതന്നത്.'' (മത്താ.25/40) ദരിദ്രരിലുള്ള ഈശോയുടെ സാന്നിധ്യം തിരിച്ചറിഞ്ഞ് അവരെ സ്നേഹിക്കാനുള്ള അതിശക്തമായ ഈ പ്രബോധനം 'സഭയും ജീവകാരുണ്യപ്രവർത്തനങ്ങളും' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക. (അധ്യായം 8)
22. ദൈവവചനം ശ്രവിച്ചും, ജീവിച്ചും; പ്രഘോഷിച്ചും, അപ്പം മുറിക്കൽ ശുശ്രൂഷയിലൂടെ ശക്തി പ്രാപിച്ചും, വിശ്വാസത്തിലും കൂട്ടായ്മയിലും വളർന്നു വന്ന ആദിമസഭയുടെ പ്രേഷിത ചൈതന്യം വിവരിക്കുക (അധ്യായം 3)

**പൊതുചോദ്യം** **5**

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക. (ഏതെങ്കിലും ഒരെണ്ണം)**

23. നല്ല വ്യക്തിബന്ധങ്ങൾ സൃഷ്ടിക്കാനും സൗഹൃദങ്ങൾ ഉണ്ടാക്കാനും സൗകര്യമുള്ള സൈബർ ലോകം, സത്യത്തെ മറയ്ക്കുന്ന സങ്കല്പലോകമായി മാറുമ്പോഴുള്ള ചതിക്കുഴികൾ തിരിച്ചറിയാൻ നമുക്കു കഴിയുന്നുണ്ടോ? നമ്മൾ പാലിക്കേണ്ട അകലവും കൈക്കൊള്ളേണ്ട മുൻകരുതലുകളും എന്തെല്ലാം? വിവരിക്കുക.
24. സ്കൂളിലും പരിസരങ്ങളിലും ലഹരി മാഫിയകൾ കൂട് കൂട്ടുമ്പോൾ പത്തുവർഷത്തെ വിശ്വാസ പരിശീലനത്തിലൂടെ സ്വന്തമാക്കിയ ആത്മശക്തിയോടെ ഈ വിപത്തിനെ പ്രതിരോധിക്കാനും ഇതിനെതിരെ പ്രതികരിക്കാനും നിങ്ങൾക്കാവുമോ? എങ്ങനെ? വിവരിക്കുക.

**25. ഇന്റേണൽ അസ്സെസ്മെന്റ്** **10**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠ ക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം ( 1 മാർക്ക്), മതാധ്യാപകന്റെ വിലയിരുത്തൽ ( 1 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകൻ 10-ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

2 - 11 - 2014 | മാർക്ക് – 50

10.30 am - 12.30 pm | **STD - X** | സമയം – 2 മണിക്കൂർ

**ഉത്തരസൂചിക**

***നിർദ്ദേശങ്ങൾ:*** *ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യമെഴുതിയിരിക്കുന്നവ പരിഗണിക്കുക*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **4**

1. സുവിശേഷപ്രഘോഷണം – 1/10
2. വി. കൊച്ചുത്രേസ്യ 7/53
3. കാണാതായ നാണയത്തിന്റെ ഉപമ – ലൂക്കാ 15/8-10
4. ആർച്ചു ബിഷപ്പ് വിൻസെൻസോ പാജ്ലിയ – സത്യദീപം ജൂലൈ 24-30/2014

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **2**

5. സഭ – 9/65
6. വി. ഫ്രാൻസിസ് സേവ്യർ – 6/46
7. ലൂക്കാ 17/11-19
8. ഫിലിപ്പിൻസിലെ സെബു – സത്യദീപം ജൂൺ 26-ജൂലൈ 2/2014

**ദൈവവചനം എഴുതുക** **3**

9. ഗലാത്തിയാ. 1/8 ‘‘ഞങ്ങൾ...........5/43
10. മത്തായി. 19/21 ‘‘നീ പൂർണ്ണനാകാൻ........6/46

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **5**

11. 2/18
12. 4/30-34- a. ശരി, b. തെറ്റ് – യോഹന്നാൻ ഒഴികെ, c. തെറ്റ് – നീറോ ചക്രവർത്തിയുടെ, d.- ശരി, e. തെറ്റ് – വി. മാക്സ്മില്യൻ കോൾബേ
13. 5/40

**ബൈബിൾ പഠനം** **2 ½**

14. ലൂക്കാ. 18/9-14

**നമസ്ക്കാരങ്ങൾ** **7 ½**

15. നമസ്ക്കാരങ്ങൾ – പേജ് 27
16. നമസ്ക്കാരങ്ങൾ –3/5
17. നമസ്ക്കാരങ്ങൾ – 9/9

**ഖണ്ഡിക എഴുതുക. (ഏതെങ്കിലും രണ്ടെണ്ണം) 6**

18. 1/14
19. 7/55-57
20. 9/67, 68

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം) 5**

21. 8/59-63
22. 3/23-27

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക. (ഏതെങ്കിലും ഒരെണ്ണം) 5**

**23. പൊതുചോദ്യം.**

**24. പൊതുചോദ്യം.**

**25. ഇന്റേണൽ അസ്സെസ്സ്മെന്റ് 10**

40 മാർക്കിനുള്ള ചോദ്യങ്ങളും 10 മാർക്കിന് ഇന്റേണൽ അസ്സെസ്സ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. അധ്യയനവർഷത്തിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്സ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചനദീപം പേജ് 34 കാണുക) ഇതൊരു മോഡൽ പരീക്ഷയായതിനാൽ മാർക്ക് ഓൺലൈനിൽ എന്റർ ചെയ്യേണ്ടതില്ല. 2015 ജനുവരി 25ന് മുമ്പ് മൊത്തം അറ്റന്റൻസിന്റെ ശതമാനവും ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കും ഓൺലൈനിൽ എന്റർ ചെയ്യേണ്ടതാണ്.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**10 - 11 - 2013** — **മാർക്ക് – 50**

**10.30 am - 12.30 pm** — **സമയം – 2 മണിക്കൂർ**

## STD - X

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രം ഉത്തരമെഴുതുക.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **4**

1. സഭാ രൂപീകരണത്തിന്റെ ആദ്യപടി എന്ത്?
2. പത്രോസ് ശ്ലീഹായെ കൂടാതെ കുരിശു മരണത്തിലൂടെ ഈശോയെ മഹത്വപ്പെടുത്തിയ ശ്ലീഹ?
3. ഭഗ്നാശരാകാതെ എപ്പോഴും പ്രാർത്ഥിക്കണം എന്നു കാണിക്കാൻ ആരുടെ ഉപമയാണ് യേശു പറഞ്ഞത്?
4. ആഗോള യുവജനസംഗമം ആരംഭിച്ച മാർപാപ്പ?

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **4**


5. ദൈവവചനം സ്വീകരിച്ച് അതിന്റെ പൂർണ്ണതയിൽ ജീവിച്ച വ്യക്തി.
(വി. അന്തോനീസ്, വി. കൊച്ചുത്രേസ്യ, പരിശുദ്ധ കന്യകാമറിയം)
6. ഡയോക്ലേഷ്യൻ ചക്രവർത്തിയുടെ കാലത്ത് രക്തസാക്ഷിയായ വിശുദ്ധൻ.
(വി. സെബസ്ത്യാനോസ്, വി. തോമസ് മൂർ, വി. മാക്സ്മില്യൻ കോൾബെ)
7. വി. ലൂക്കായുടെ സുവിശേഷം 15-ാം അധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്ന ഉപമ ഏത്?
(വിരുന്നിന്റെ ഉപമ, കാണാതായ നാണയത്തിന്റെ ഉപമ, കടുകുമണിയുടെയും പുളിമാവിന്റെയും ഉപമ)
8. പുതിയ വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി?
(ആർച്ചുബിഷപ്പ് ജെരാർദ് മ്യുള്ളർ, ആർച്ചുബിഷപ്പ് പിയെട്രോ പരോളിൻ, ആർച്ചുബിഷപ്പ് ബാൽദിസേരി)

**ദൈവവചനം ഉദ്ധരിക്കുക** **3**

9. മർക്കോസ് 16:15 ‘‘നിങ്ങൾ...................
10. 2 തിമോത്തി 3:12 ‘‘ഈശോ മിശിഹായോട്.............

**ഉത്തരമെഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **5**

11. ഭാരതത്തിൽ നിന്നും വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ടവർ ആരെല്ലാം? ഫ്ളോ ചാർട്ട് പൂർത്തിയാക്കുക.




12. മതപീഡനങ്ങൾ സഭയെ തളർത്തുകയല്ല വളർത്തുകയാണ് ചെയ്തത് എന്ന ആശയം രക്തസാക്ഷികളുടെ ധീരത എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിശദമാക്കുക.
13. തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക.
    a. ഈശോ നൽകിയ രക്ഷ പാപത്തിൽ നിന്നുള്ള ആത്മാവിന്റെ മോചനം മാത്രമല്ല, മനുഷ്യന്റെ സമഗ്രവിമോചനമാണ്.
    b. ആധുനിക കാലഘട്ടത്തിൽ ഈശോയെപ്പോലെ ലോകത്തിന്റെ മനഃസാക്ഷിയാകാൻ മാധ്യമങ്ങൾ ശ്രമിക്കുന്നു.
    c. ക്രിസ്തീയ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം മനുഷ്യവ്യക്തിത്വത്തിന്റെ പക്വത കൈവരിക്കൽ മാത്രമല്ല, കുട്ടികളുടെ വിശ്വാസപരവും ധാർമ്മികവുമായിട്ടുള്ള പരിശീലനം കൂടിയാണ്.

d. ഭാവിതലമുറയ്ക്ക് ദോഷകരമാകത്തക്കവിധം പ്രകൃതിയെ ചൂഷണം ചെയ്യുന്നത് ശരിയല്ല.

e. രാഷ്ട്രീയാധികാരികളുടെ നിർദ്ദേശങ്ങൾ, ധാർമ്മിക നിയമങ്ങൾക്ക് വിരുദ്ധമായിരിക്കുമ്പോൾ അവ അനുസരിക്കാൻ മനഃസാക്ഷി നമ്മെ കടപ്പെടുത്തുന്നു.

**ഉത്തരമെഴുതുക (ബൈബിൾ പഠനം)** **2½**

14. വി. ലൂക്കായുടെ സുവിശേഷം 13-ാം അധ്യായത്തിലെ പ്രതിപാദ്യ വിഷയങ്ങൾ മാത്രം തെരഞ്ഞെടുത്ത് പട്ടികപ്പെടുത്തുക.

| |
|---|
| 1. പശ്ചാത്തപിക്കുന്നില്ലെങ്കിൽ നാശം |
| 2. |
| 3. |
| 4. |
| 5. |
| 6. |

വിരുന്നിന്റെ ഉപമ
ഫലം തരാത്ത അത്തിവൃക്ഷം
ധനവാനും ലാസറും
കടുകുമണിയും പുളിമാവും
ഇടുങ്ങിയ വാതിൽ
പത്തു കുഷ്ഠരോഗികൾ
കൂനുള്ള സ്ത്രീയെ സുഖപ്പെടുത്തുന്നു
ജറുസലേമിനെക്കുറിച്ചുള്ള വിലാപം

**നമസ്കാരങ്ങൾ** **7½**

15. 'നന്മ നിറഞ്ഞ മറിയമെ' എന്ന പ്രാർത്ഥന എഴുതുക.
16. ഈശോയുടെ തിരുഹൃദയ ജപമാലയുടെ പ്രാരംഭ പ്രാർത്ഥന എഴുതുക.
17. കുമ്പസാരത്തിനുള്ള ജപം എഴുതുക.

**ഖണ്ഡിക എഴുതുക (ഏതെങ്കിലും മൂന്നെണ്ണം)** **12**

***(പാഠപുസ്തകത്തിലെ ഉത്തരവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ചേർത്ത് എഴുതുക.)***

18. വിദ്യാഭ്യാസ പ്രേഷിതത്വത്തെകുറിച്ചുള്ള സഭയുടെ കാഴ്ചപ്പാടെന്ത്? വിദ്യാഭ്യാസത്തിലൂടെ നാം നേടിയെടുക്കേണ്ട മൂല്യങ്ങൾ ഏവയെന്നും അവയിലൂടെ ഒരു നവലോകസൃഷ്ടിക്ക് നമുക്കെങ്ങനെ പങ്കുകാരാകാം എന്നും വിശദമാക്കുക. (അധ്യായം 9)
19. പ്രാർത്ഥനയിൽ അടിയുറച്ച സമൂഹമാണ് ആദിമ ക്രൈസ്തവ സമൂഹം എന്നു വിശദമാക്കികൊണ്ട് നമ്മുടെ ജീവിതത്തിൽ എങ്ങനെ, എപ്പോഴൊക്കെ പ്രാർത്ഥിക്കണം എന്നു വിശദീകരിക്കുക. (അധ്യായം 3)
20. ആരായിരുന്നു വിശ്വാസ സംരക്ഷകർ? ഇന്ന് വിശ്വാസാനുസരണം ജീവിക്കാൻ നിങ്ങൾക്ക് അനുഭവപ്പെടുന്ന പ്രതിബന്ധങ്ങൾ ഏതെല്ലാം? അവയെ എങ്ങനെ അതിജീവിക്കാം? (അധ്യായം 5)
21. മദർ തെരേസ സേവനത്തിന്റെ പ്രേഷിതയായിതീർന്നതെങ്ങനെ? മദർ തെരേസായെപോലെ നമുക്കെങ്ങനെ സേവനത്തിന്റെ പ്രേഷിതരാകാം? ഏതാനും പ്രായോഗിക നിർദ്ദേശങ്ങൾ എഴുതുക. (അധ്യായം 7)

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക. (ഏതെങ്കിലും ഒരെണ്ണം)** **6**

22. സഭയുടെ സുവിശേഷപ്രഘോഷണത്തിന്റെ അടിസ്ഥാനം പരിശുദ്ധ ത്രീത്വമാണ്. വിശദീകരിക്കുക. (അധ്യായം 1)
23. 'പ്രവർത്തന നിരതമാകുന്ന വിശ്വാസം' എന്തെന്ന് 'സഭയും ജീവകാരുണ്യ പ്രവർത്തനങ്ങളും' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക. (അധ്യായം 8)

**പൊതുചോദ്യം**

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **6**

24. 'എല്ലാം അനുവദനീയം' എന്ന തത്വശാസ്ത്രം വേരോടിയിരിക്കുന്ന ഈ ആധുനിക ലോകത്തിൽ ഒരു ഉത്തമ ക്രിസ്ത്യാനിയെന്ന നിലയിൽ ജീവിക്കാൻ ഏറ്റെടുക്കേണ്ട 'ജീവിത ശൈലി' എന്ത് എന്ന് വിവരിക്കുക.
25. ''നിങ്ങൾ ജനിച്ചപ്പോൾ, ലോകം ചിരിച്ചു. നിങ്ങൾ കരഞ്ഞു. ഇനി, നിങ്ങൾ മരിക്കുമ്പോൾ ലോകം കരയുകയും, നിങ്ങൾ ചിരിക്കുകയും ചെയ്യുന്ന തരത്തിൽ ജീവിക്കുക.'' - പുരാതന സംസ്കൃത പഴഞ്ചൊല്ല്. മറ്റുള്ളവരിലേക്ക് എത്താത്ത ജീവിതം വ്യർത്ഥമാണ്. വിശ്വാസം പോലും അർത്ഥവത്താകുന്നത് അത് സ്നേഹപ്രവർത്തികളിലൂടെ തെളിയിക്കപ്പെടുമ്പോഴാണ്. സമർത്ഥിക്കുക. നിങ്ങളുടെ ബോധ്യങ്ങൾ പങ്കുവയ്ക്കുക.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

10 - 11 - 2013

10.30 am - 12.30 pm **STD - X**

**ഉത്തരസൂചിക**

*നിർദ്ദേശങ്ങൾ: ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യമെഴുതിയിരിക്കുന്നവ പരിഗണിക്കുക*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **4**

1. സുവിശേഷ പ്രഘോഷണം 2/20
2. അന്ത്രയോസ് 4/30
3. ന്യായാധിപനും വിധവയും ലൂക്കാ 18/1
4. ജോൺ പോൾ രണ്ടാമൻ മാർപാപ്പ സത്യദീപം 2013 ജൂലൈ 24

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക.** **4**

5. പരിശുദ്ധ കന്യകാമറിയം 6/44
6. വി. സെബസ്ത്യാനോസ് 4/33
7. കാണാതായ നാണയത്തിന്റെ ഉപമ ലൂക്ക 15/8-10
8. ആർച്ചുബിഷപ്പ് പിയെട്രൊ പരോളിൻ സത്യദീപം, 2013 സെപ്റ്റംബർ 11

**ദൈവവചനം ഉദ്ധരിക്കുക.** **3**

9. മർക്കോസ് 16:15 ''നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ.'' 2/21
10. 2 തിമോ. 3:12 ''ഈശോമിശിഹായോട് ഐക്യപ്പെട്ട് വിശുദ്ധ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്ന എല്ലാവരും പീഡിപ്പിക്കപ്പെടും'' 7/56

**ഉത്തരമെഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **5**

11. വാ. ചാവറയച്ചൻ, വാ. മറിയംത്രേസ്യ, വാ. എവുപ്രാസ്യാമ്മ, വാ. തേവർപറമ്പിൽ കുഞ്ഞച്ചൻ, വാ. മദർ തെരേസ, വാ. ദേവസഹായം പിള്ള – 6/47
12. 4/35
13. a. ശരി 9/65

    b. തെറ്റ് – ആധുനിക കാലഘട്ടത്തിൽ ഈശോയെപോലെ ലോകത്തിന്റെ മനഃസാക്ഷിയാകാൻ സഭ ശ്രമിക്കുന്നു. 9/66

    c. ശരി 9/67

    d. ശരി 9/70

    e. തെറ്റ് – രാഷ്ട്രീയാധികാരികളുടെ നിർദ്ദേശങ്ങൾ, ധാർമ്മിക നിയമങ്ങൾക്ക് വിരുദ്ധമായിരിക്കുമ്പോൾ അവ അനുസരിക്കാതിരിക്കാൻ മനഃസാക്ഷി നമ്മെ കടപ്പെടുത്തുന്നു. 9/69

**ഉത്തരമെഴുതുക (ബൈബിൾ പഠനം)** **2½**

14. 1. പശ്ചാത്തപിക്കുന്നില്ലെങ്കിൽ നാശം, 2. ഫലം തരാത്ത അത്തിവൃക്ഷം, 3. കൂനുള്ള സ്ത്രീയെ സുഖപ്പെടുത്തുന്നു.
    4. കടുകുമണിയും പുളിമാവും, 5. ഇടുങ്ങിയവാതിൽ, 6. ജറുസലേമിനെക്കുറിച്ചുള്ള വിലാപം – ലൂക്ക 13/1-35

**നമസ്കാരങ്ങൾ** **7½**

15. നമസ്കാരങ്ങൾ പേജ് 5,6
16. നമസ്കാരങ്ങൾ പേജ് 26
17. നമസ്കാരങ്ങൾ പേജ് 6

**ഖണ്ഡിക എഴുതുക (ഏതെങ്കിലും മൂന്നെണ്ണം)** **12**

18. 9/66-67
19. 3/26-27
20. 5/40
21. 7/54-55

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **6**

22. 1/10-12
23. 8/60-61

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **6**

24. പൊതുചോദ്യം
25. പൊതുചോദ്യം

## എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്കൂൾ – ഒന്നാം സെമസ്റ്റർ പരീക്ഷ

06-11-2011
സമയം: 2 മണിക്കൂർ

**STD X**
**PART - A**

മാർക്ക് : 50
10.30 am - 12.30 pm

**ഒറ്റവാക്കിൽ ഉത്തരം പറയുക** 2½

1. ഈശോ ശിഷ്യന്മാർ വഴി സഭയെ ഭരമേല്പിച്ച ദൗത്യം
2. സഭയെ രക്ഷയുടെ മാർഗ്ഗമായും വിശ്വാസികളുടെ കൂട്ടായ്മയായും അവതരിപ്പിക്കുന്ന പുതിയ നിയമഗ്രന്ഥ ഭാഗം
3. വീടു പണിയുമ്പോൾ ഒരു മുറി ഈശോയ്ക്കായി നീക്കിവയ്ക്കണം. ആരുടെ വാക്കുകൾ?
4. എവുപ്രാസിയാമ്മയെ വാഴ്ത്തപ്പെട്ടവളെന്ന് പ്രഖ്യാപിച്ച മാർപാപ്പ
5. ക്രിസ്തീയ വിശ്വാസത്തിനെതിരായ സിദ്ധാന്തങ്ങൾ

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** 2½

6. ദൈവത്തിന്റെ ഇഷ്ടം നിറവേറ്റപ്പെടുന്ന അവസ്ഥയാണ്.
(സാക്ഷ്യം, ദൈവരാജ്യം, സുവിശേഷവൽക്കരണം)
7. ഹേറോദേസ് രാജാവ് വാളിനിരയാക്കിയ ശ്ലീഹ
(യാക്കോബ്, പത്രോസ്, യോഹന്നാൻ)
8. ക്രിസ്ത്യാനികളെ അവരുടെ വിശ്വാസത്തിന്റെ പേരിൽ പീഡിപ്പിച്ച ചക്രവർത്തി
(ക്ലാവ്ദിയൂസ്, നീറൊ, ജൂലിയസ്)
9. അപ്പസ്തോല പിതാക്കന്മാരുടെ ഗണത്തിൽ പെടുന്നതാര്?
(വി.ഇഗ്നേഷ്യസ്, വി.അത്തനേഷ്യസ്, വി.അപ്രേം)
10. ആവശ്യക്കാരനു നേരെ കണ്ണടയ്ക്കുന്നത് നരകത്തിനർഹമാക്കുന്ന പാപമാണെന്ന് നമ്മെ പഠിപ്പിക്കുന്ന ഉപമ

**ദൈവചനം എഴുതുക. (ഏതെങ്കിലും ഒരെണ്ണം)** 1½

11. 1 യോഹ 3/18. കുഞ്ഞുമക്കളെ....
12. മത്തായി 10/32 മനുഷ്യരുടെ മുമ്പിൽ

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം പറയുക** 6

13. ഈശോ ശിഷ്യന്മാരിലൂടെ സഭയെ ഏല്പിച്ച ദൗത്യങ്ങൾ എന്തെല്ലാം?
14. വിശ്വാസ സംരക്ഷകർ എന്നു വിളിക്കുന്നതാരെയാണ്?
15. വിദ്യാഭ്യാസ പ്രേഷിതത്വത്തെക്കുറിച്ച സഭയുടെ കാഴ്ചപ്പാട് എന്ത്?

**ഖണ്ഡിക എഴുതുക (ഏതെങ്കിലും മൂന്നെണ്ണം)** 7½

16. രാഷ്ട്രീയ രംഗത്തെ സഭാ സേവനം വിശദമാക്കുക.
17. സഹനത്തിന്റെ പ്രേഷികത്വം
18. പ്രാർത്ഥനയിൽ അടിയുറച്ച സമൂഹമാണ് ആദിമ ക്രൈസ്തവസമൂഹം.
19. സുവിശേഷ പ്രഘോഷണവും സാക്ഷ്യവും തമ്മിലുള്ള ബന്ധം വിശദമാക്കുക

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക** 6

20. 'ദൈവവചനം ധ്യാനിച്ച് അതിന്റെ ചൈതന്യത്തിൽ ജീവിക്കുന്നവരെല്ലാം വിശുദ്ധരാകും.' വചനാനുസൃതം ജീവിച്ചവർ എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

**PART - B**

21. സീറോ മലബാർ സഭയുടെ ആദ്യത്തെ മിഷൻ രൂപത? 1
22. 26-ാം ലോകയുവജന സമ്മേളനം നടന്ന സ്ഥലം? 1
23. ആരു നിമിത്തമാണ് യഹൂദരിൽ വളരേ പേർ അവരെ വിട്ട് യേശുവിൽ വിശ്വസിച്ചത്? 1
24. നീ ചെയ്യാനിരിക്കുന്നതു വേഗം ചെയ്യുക. ആര് ആരോട് പറഞ്ഞു? 1
25. യേശുവിന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകൻ ആര്? 1
26. ഞാൻ നിങ്ങളോട് കല്പിക്കുന്നു. (യോഹ 15:17) കല്പന ഏത്? 1
27. ഈശോയുടെ തിരുഹൃദയ ജപമാല കാഴ്ചവയ്പ് എഴുതുക. 2½
28. കാരുണ്യ പ്രവർത്തികൾ (ആദ്ധ്യാത്മികങ്ങൾ) എഴുതുക. 2½
29. മൗലീക സുകൃതങ്ങൾ എഴുതുക 2

**30. രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക** 5

പ്രതിസന്ധികളിലും തെറ്റിദ്ധാരണകളിലും മനസു തളരാതെ വിശ്വാസത്തിന്റെ വീരസാക്ഷികളാകാൻ ക്രിസ്ത്യാനികളായ നമുക്കെങ്ങനെ സാധിക്കും? വിവരിക്കുക.

**31. ഇന്റേണൽ അസെസ്സ്മെന്റ്** 5

ഓരോ വിദ്യാർത്ഥിയുടേയും കൗദാശിക ജീവിതം, ദേവാലയത്തിലെ പെരുമാറ്റം, അച്ചടക്കം, സ്വഭാവവിശേഷതകൾ, സേവനമനോഭാവം, സാമൂഹ്യപ്രതിബദ്ധത, മതബോധനത്തിനോടുള്ള താല്പര്യം, മാനസിക പക്വത, ഇവയെല്ലാം വിലയിരുത്തി അധ്യാപകൻ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്കൂൾ – ഒന്നാം സെമസ്റ്റർ പരീക്ഷ

06-11-2011 | മാർക്ക് : 50
സമയം: 2 മണിക്കൂർ | 10.30 am - 12.30 pm

## STD X
### ഉത്തരസൂചിക

### PART - A

**ഒറ്റവാക്കിൽ ഉത്തരം പറയുക** 2½

1. സുവിശേഷ പ്രഘോഷണം 1/10
2. അപ്പസ്തോല പ്രവർത്തനങ്ങൾ 3/23
3. വി.ക്രിസോസ് റ്റോം 8/62
4. ബനഡിക്ട് 16-ാമൻ മാർപാപ്പ 7/53
5. പാപ്പണ്ഡത 5/38

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** 2½

6. ദൈവരാജ്യം 2/18
7. യാക്കോബ് 4/29
8. നീറോ ചക്രവർത്തി 4/32
9. വി.ഇഗ്നേഷ്യസ് 5/40
10. ധനവാന്റേയും ലാസറിന്റേയും ഉപമ 8/61

**ദൈവചനം എഴുതുക (ഏതെങ്കിലും ഒരെണ്ണം)** 1½

11. കുഞ്ഞുമക്കളെ...... 8/64
12. മനുഷ്യരുടെ മുമ്പിൽ...... 4/36

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** 4

13. 1/13
14. 5/40
15. 9/66

**ഖണ്ഡിക എഴുതുക (ഏതെങ്കിലും മൂന്നെണ്ണം)** 7½

16. 9/69
17. 7/55
18. 3/26
19. 2/19

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക** 6

20. 6/44-49

### PART - B

21. ഛാന്ദാ രൂപത 1
22. സ്പെയിനിന്റെ തലസ്ഥാനമായ മാഡ്രിഡ് 1
23. മരിച്ചവരിൽ നിന്ന് യേശു ഉയിർപ്പിച്ച ലാസർ നിമിത്തം. (യോഹ 12-11) 1
24. ശിമയോൻ സ്കറിയോത്തായുടെ മകൻ യൂദാസിനോട് യേശു പറഞ്ഞു (യോഹ. 13/27) 1
25. പരിശുദ്ധാത്മാവ് (യോഹ 14/26) 1
26. പരസ്പരം സ്നേഹിക്കുവിൻ (യോഹ 15/17) 1
27. നമസ്കാരങ്ങൾ 2½
28. നമസ്കാരങ്ങൾ 2½
29. നമസ്കാരങ്ങൾ 2
30. പൊതുചോദ്യം 6

**31. ഇന്റേണൽ അസെസ്സ്മെന്റ് (വചനദീപം പേജ് 50 കാണുക)** 5

ഓരോ വിദ്യാർത്ഥിയുടേയും കൗദാശിക ജീവിതം, ദേവാലയത്തിലെ പെരുമാറ്റം, അച്ചടക്കം, സ്വഭാവവിശേഷതകൾ, സേവനമനോഭാവം, സാമൂഹ്യപ്രതിബദ്ധത, മതബോധനത്തിനോടുള്ള താല്പര്യം, മാനസിക പക്വത, ഇവയെല്ലാം വിലയിരുത്തിയശേഷം വികാരിയച്ചന്റെ അംഗീകാരത്തോടുകൂടി അധ്യാപകൻ മാർക്ക് നൽകേണ്ടതാണ്. മാർക്കിടേണ്ട മാനദണ്ഡം
Excellent-5, Very good 4-5, Good 3-4, Average 2-3, Below Average 1-2